# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശ സ്വയം ഭരണ വകുപ്പ് – പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് – സ്വകാര്യ ബസ്സ്റ്റാന്റ് നിർമ്മാണം – W.P.(C) 25985/08-ൽ 28-08-2008-ലെ ബഹു.ഹൈക്കോടതി വിധിയിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവാകുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) 784/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മാർച്ച് 28, 2009.

---

പരാമർശം:
1. ശ്രീ.പി.ശിവാനന്ദൻ ഫയൽ ചെയ്ത W.P.(C) 25985/08-മേൽ 28-08-2008-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. പഞ്ചായത്ത് ഡയറക്ടറുടെ 23-10-2008-ലെ സി.1-32174/08 നമ്പർ കത്ത്.
3. മുഖ്യനഗരാസൂത്രകന്റെ 28-11-2008-ലെ ഡി.2/10320/08നമ്പർ കത്ത്.

## ഉത്തരവ്

പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിൽ ഒരു സ്വകാര്യ ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ തിരൂർ – കടലുണ്ടി റോഡിൽ എൻ.സി.സി.റോഡിനും കെ.പി.എച്ച്. റോഡിനും മദ്ധ്യേ 75 സെന്റ് സ്ഥലം സ്വന്തമായുള്ളവർ അപേക്ഷിയ്ക്കണമെന്നും ആയത് അംഗീകരിക്കപ്പെട്ടാൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കരാർ വച്ച് പണി പൂർത്തിയാക്കണമെന്നും പ്രമുഖ പത്രങ്ങളിൽ നോട്ടീസ് നൽകിയിരുന്നു. ഇതനുസരിച്ച് കിഴക്കിനിയകത്ത് ശ്രീ.മുഹമ്മദ് കുട്ടി നഹ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.പി.കെ.മുഹമ്മദ് ജമാൽ എന്നിവർ അപേക്ഷ നൽകിയതിൽ വൈസ് പ്രസിഡന്റിന്റെ പ്രൊപ്പോസൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിയ്ക്കുകയും ചെയ്തിരുന്നു.

2. പഞ്ചായത്തിന്റെ ഈ തീരുമാനത്തിനെതിരെ ശ്രീ.പി.ശിവാനന്ദൻ എന്നയാൾ ബഹു.ഹൈക്കോടതിയിൽ W.P.(C) 25985/08-ാം നമ്പരായി കേസ് ഫയൽ ചെയ്തു. പഞ്ചായത്ത് നിരസിച്ച ശ്രീ.മുഹമ്മദ് കുട്ടി നഹയുടെ റീസർവ്വേ 146/11, 12, 13-ൽപ്പെട്ട

സ്ഥലം റെയിൽവേ സ്റ്റേഷനിൽ നിന്നും 75 മീറ്റർ ദൂരവും, മലപ്പുറം, മഞ്ചേരി, പെരിന്തൽ മണ്ണ ഭാഗത്തേയ്ക്കുള്ള ബസ് സൗകര്യം 100 മീറ്ററിനുള്ളിലും, ഓട്ടോ സ്റ്റാന്റ്, ടാക്സി സ്റ്റാന്റ് എന്നിവ 50 മീറ്ററിനുള്ളിലും സ്ഥിതി ചെയ്യുന്നതാണെന്നും, ഇവിടെ ബസ്സ്റ്റാന്റ് വന്നാൽ പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും, ഓഫീസ് ആവശ്യങ്ങൾക്ക് വരുന്നവർക്കും ഏറ്റവും അനുയോജ്യമാകുമെന്നും, എന്നാൽ ഇപ്പോൾ തെരഞ്ഞെടുത്തിട്ടുള്ള സ്ഥലം ഇത്തരം സൗകര്യങ്ങളില്ലാത്തതും, ജനങ്ങൾക്ക് ഉപയോഗ പ്രദമല്ലാത്തതും, വൈസ് പ്രസിഡന്റിന്റെ പഞ്ചായത്തിലെ സ്വാധീനമുപയോഗിച്ച് നേടിയെടുത്തതാണെന്നുമായി രുന്നു ഹർജിക്കാരന്റെ വാദം.

3. ഈ കേസ്സിൽ ബഹു.ഹൈക്കോടതി പരാമർശം (1)-ലെ വിധി പ്രകാരം, വിധി പകർപ്പ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ ഹർജിക്കാന്റെ Ext.P5 അപേക്ഷ സർക്കാർ പരിശോധിച്ച് അന്തിമ തീരുമാനമെടുക്കണമെന്ന് ഉത്തരവായിരുന്നു.

4. ഇതു സംബന്ധിമായി പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ ഭൂവിസ്തൃതി സംബന്ധിച്ചും, ഭൂമി ആർജ്ജിക്കുന്ന രീതി സംബന്ധിച്ചും ബസ്സ്റ്റാന്റ് നിർമ്മാണം എന്തു വ്യവസ്ഥകൾ പ്രകാരമാണ്, ഇതിനായുള്ള കരാർ എന്താണ് ഇങ്ങനെയുള്ള ഒരു കാര്യവും പഞ്ചായത്ത് ചർച്ചചെയ്യുകയോ, തീരുമാനിക്കുകയോ ചെയ്യാതെയാണ് 75 സെന്റ് ഭൂമിയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചതെന്നും പഞ്ചായത്ത് രാജ് ആക്ടിലെ 228-ാം വകുപ്പ് പ്രകാരം സ്വകാര്യ മേഖലയിൽ ബസ് സ്റ്റാന്റിനല്ല കാർട്ട് സ്റ്റാന്റിനേ വ്യസ്ഥയുള്ളൂവെന്നും, വ്യക്തമായ കാഴ്ച്ചപ്പാടും, കറാറും, നിബന്ധനകളും തീരുമാനിക്കാതെ അവ്യക്തമായ നോട്ടിസാണ് പ്രസിദ്ധീകരിച്ച തെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അദ്ദേഹം താഴെ പറയുന്ന ശുപാർശ കൾ നൽകിയിട്ടുണ്ട്.

i. പഞ്ചായത്ത് തീരുമാനത്തിന് വിരുദ്ധമായി സെക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ള പരസ്യവും തുടർ നടപടികളും റദ്ദാക്കുക.

ii. ബസ്സ്റ്റാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ പരിഗണിച്ച് പുതുതായി നടപടി കൈക്കൊള്ളാൻ പഞ്ചായത്തിന് നിർദ്ദേശം നൽകുക.

(a) പൊതുമേഖലയിൽ ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിന് മുൻഗണന നൽകുക.

(b) ഭാവി വികസനം കൂടി കണക്കിലെടുത്ത് ബസ്സ്റ്റാന്റിനായി ഏറ്റവും ചുരുങ്ങിയത് 1ഏക്കർ സ്ഥലമെങ്കിലും വേണമെന്ന് തീരുമാനിക്കുക.

(c) സ്ഥലം സൗജന്യമായി ലഭിയ്ക്കുവാൻ സാധ്യതയില്ലാത്ത പക്ഷം മാത്രം മറ്റു രീതികളിൽ ആർജ്ജിക്കുന്ന കാര്യം പരിഗണിക്കുക.

(d) സ്വകാര്യ പങ്കാളിത്തത്തോടെയാണെങ്കിൽ ഇതിനുള്ള വ്യവസ്ഥകൾ മുൻകൂട്ടി ഉൾക്കൊള്ളിച്ച് അപേക്ഷ ക്ഷണിയ്ക്കുക.

(e) Build Operate and Transfer അടിസ്ഥാനത്തിലാണ് ബസ്സ്റ്റാന്റ് നിർമ്മാണമെങ്കിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങുക.

5. ഈ വിഷയം സംബന്ധിച്ച് മുഖ്യനഗരാസൂത്രകൻ നൽകിയ റിപ്പോർട്ടിൽ ശ്രീ.മുഹമ്മദ് കുട്ടി നഹ വസ്തുവിന്റെ അവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും, ഈ സ്ഥലത്ത് ബസ്സ്റ്റാന്റ് വന്നാൽ സമീപത്തെ സ്ക്കൂളിൽ ശബ്ദ ശല്യം മൂലം ക്ലാസ് നടത്തിപ്പ് ബുദ്ധിമുട്ടാകുമെന്ന് മാത്രമല്ല, സ്കൂൾ രാത്രികാലങ്ങളിൽ സാമൂഹ്യ വിരുദ്ധരുടെ താവളമാകുമെന്നും ഈ സ്ഥലത്ത് ഒരു വഴിയിലൂടെ മാത്രമേ ബസ്സുകൾക്ക് പ്രവേശിക്കാനും തിരിച്ചിറങ്ങാനും കഴിയുകയുള്ളൂവെന്നും പഞ്ചായത്ത് അഭിപ്രായപ്പെട്ടതായി സൂചിപ്പിച്ചിട്ടുണ്ട്. നഗരാസൂത്രകൻ സ്ഥലം സന്ദർശിച്ചതിൽ ഇത്

(... 4 ...)

നിലവിലുള്ള ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, കോടതി, P.W.D. ഓഫീസ്, റെസ്റ്റ് ഹൗസ്, ഹൈസ്ക്കൂൾ, പഞ്ചായത്ത് ഓഫീസ് എന്നിവയ്ക്ക് സമീപത്താണെന്നും ആവശ്യ മെമങ്കിൽ 110 സെന്റ് സ്ഥലം ബസ്സ്റ്റാന്റ് പ്രവർത്തനത്തിന് സജ്ജമാക്കുവാൻ ശ്രീ.നഹ തയ്യാറാണെന്നും അറിയിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതേ സമയം, ശ്രീ.മുഹമ്മദ് ജമാലിന്റെ സ്ഥലം എൻട്രൻസ് – എക്സിറ്റ് സൗകര്യത്തോട് കൂടിയുള്ള താണെന്നും, നിർദ്ദിഷ്ട റെയിൽവേ ഓവർ ബ്രിഡ്ജ്, ഈ സ്ഥലത്തിന് മുകളിലൂടെ കടന്ന് പോകാൻ സാധ്യതയുണ്ടെന്നും, റെയിൽവേ അക്വിസിഷൻ നടപടികൾ ആരം ഭിച്ചിട്ടേയുള്ളൂവെന്നതിനാൽ ഇത് എത്രമാത്രം ഉയരത്തിലാണെന്ന് വ്യക്തമല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ആവശ്യമായ വിശദാംശങ്ങൾ ചർച്ച ചെയ്യാതെയും, ബസ്സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കുന്ന രീതി, നിർമ്മാണം ആരാണ് നടത്തേണ്ടത്, ധനാ ഗമ മാർഗ്ഗങ്ങൾ, പ്രോജക്ട് വയബിലിറ്റി എന്നിവ പരിശോധിക്കാതെയുമാണ് ഈ സംരംഭം ആരംഭിച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ മുഖ്യ നഗരാസൂത്രകന്റെ ലേ ഔട്ട് അംഗീകാരം, റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അനുമതി എന്നിവ തേടേണ്ടതാണെന്നും മുഖ്യ നഗരാസൂത്രകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനായി ഹർജിക്കാരന്റെ പ്രതിനിധി, പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സീനിയർ ടൗൺ പ്ലാനർ എന്നി വരെ പങ്കെടുപ്പിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ഹിയറിംഗ് നടത്തുകയുണ്ടായി. ശ്രീ.മുഹമ്മദ് ജമാലിന്റെ അപേക്ഷ അംഗീകരിച്ചെങ്കിലും മറ്റ് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, മുഖ്യ നഗരാസൂത്രകന്റെ റിപ്പോർട്ടിലെ വ്യവസ്ഥകൾ പാലിച്ച് നിയമപ്രകാരമുള്ള നടപടി കളാണ് സ്വീകരിക്കേണ്ടതെന്ന് സീനിയർ ടൗൺ പ്ലാനറും വെളിപ്പെടുത്തിയിരുന്നു.

7. പഞ്ചായത്ത് ഡയറക്ടർ, മുഖ്യ നഗരാസൂത്രകൻ എന്നിവർ നൽകിയ വിശദീകരണങ്ങളിൽ നിന്നും, മേൽ ഹിയറിംഗിൽ നിന്നും താഴെ പറയുന്ന വസ്തു തകൾ വെളിവായിട്ടുണ്ട്.

(a) പഞ്ചായത്ത് രാജ് ആക്ടിലെ ചട്ടം 22 ഉപചട്ടം 3 പ്രകാരമുള്ള പത്രപ്പരസ്യത്തിന്റെ ചെലവ് അപേക്ഷയോടൊപ്പം വാങ്ങിയിട്ടില്ല.

(b) താഴെ പറയുന്ന വിശദാംശങ്ങൾ ചർച്ച ചെയ്യുകയോ തീരുമാനിക്കുകയോ ചെയ്യാതെയാണ് അവ്യക്തമായ പരസ്യം നൽകിയിട്ടുള്ളത്.

(i) സൗജന്യമായി സ്ഥലം പഞ്ചായത്തിന് പൂർണ്ണ സ്വാതന്ത്ര്യത്തോടെ വിട്ടു നൽകി വസ്തു ഉടമയുടെ ചെലവിൽ സ്റ്റാന്റ് നിർമ്മിച്ച് നൽകണമെന്ന് പരസ്യത്തിൽ സൂചിപ്പിച്ചിട്ടില്ല. വസ്തു ഉടമയ്ക്ക് ഇതുമൂലം എന്തു നേട്ടമാണെന്നും പരസ്യത്തിൽ പ്രതിപാദിച്ചിട്ടില്ല.

(ii) BOT വ്യവസ്ഥയിലാണെങ്കിൽ അതിന്റെ വിശദാംശങ്ങളോ, കരാർ വ്യവസ്ഥകളോ ഇതു സംബന്ധിച്ച എന്തെങ്കിലും പരാമർശമോ പത്രപ്പരസ്യത്തിലില്ല,

രണ്ട് പേരുടെ അപേക്ഷകൾ ലഭിച്ച ശേഷം ഇത് പൊതുജനങ്ങളുടെ ആക്ഷേപത്തിനും അഭിപ്രായത്തിനുമായി പര്യപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ധൃതിപിടിച്ച് തീരുമാനമെടുക്കുകയായിരുന്നു. പൊതുജന സൗകര്യമോ മറ്റ് ഘടകങ്ങളോ പരിശോധിച്ചിട്ടില്ല.

8. മേൽ പ്രസ്താവിച്ച കണ്ടെത്തലുകളുടേയും, പഞ്ചായത്ത് ഡയറക്ടർ, മുഖ്യ നഗരാസൂത്രകൻ എന്നിവരുടെ റിപ്പോർട്ടിന്റേയും വെളിച്ചത്തിൽ, വസ്തുതകൾ ചർച്ച ചെയ്ത് തീരുമാനിക്കാതെയും വിശദാംശങ്ങൾ അപേക്ഷകർക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കാതെയുമുള്ള പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ നിയമവിധേയമല്ലാത്ത പത്രപ്പരസ്യം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതോടൊപ്പം BOT അടിസ്ഥാനത്തിലാണ് ബസ്സ്റ്റാന്റ് നിർമ്മിക്കാനുദ്ദേശിക്കുന്നതെങ്കിൽ ആയതിന്റെ വിശദാംശങ്ങളും കരാർ വ്യവസ്ഥകളും കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിച്ച ശേഷം ഇക്കാര്യത്തിലുള്ള

(... 6 ...)

സർക്കാർ അനുമതി തേടുന്നതിനുള്ള നടപടി നടപടി സ്വീകരിയ്ക്കാൻ പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

9. W.P.(C) 25985/08-ന്മേൽ ബഹു.ഹൈക്കോടതി 28-08-2008-ൽ പുറപ്പെടുവിച്ച വിധിന്യായം ഇപ്രകാരം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.നാസറുദീൻ,**
ഡെപ്യൂട്ടി സെക്രട്ടറി.

To

ശ്രീ.ശിവാനന്ദൻ, പാറോൽ ഹൗസ്, പരപ്പനങ്ങാടി, മലപ്പുറം.

സെക്രട്ടറി/പ്രസിഡന്റ്, പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്, മലപ്പുറം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എക്സാമിനർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ഉപരിപത്രം സഹിതം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.